**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3308** **08-10-2025 - ൽ മറുപടിയ്ക്ക്**

**പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ബലക്ഷയമുള്ളതും അറ്റകുറ്റപ്പണികൾ ആവശ്യമായതുമായ പാലങ്ങൾ പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | അറ്റകുറ്റപ്പണികൾ ആവശ്യമായ പാലങ്ങൾക്ക് Bridge safety വർക്കുകൾ നിലവിൽ ക്രമീകരിച്ചിട്ടുള്ളതാണ്. |
| (ബി) | ഇപ്രകാരം വിവിധ ജില്ലകളിൽ നിന്നായി റിപ്പോർട്ട് ചെയ്യുന്ന പാലങ്ങളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കോട്ടയം ജില്ലയിൽ നിന്നു മാത്രം ഇപ്രകാരം എത്ര പാലങ്ങളുടെ നിർമ്മാണഫണ്ടിനായി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ; | (ബി) | കോട്ടയം ജില്ലയിൽ നിന്ന് നിർമ്മാണത്തിനായി ഭരണാനുമതി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള പാലങ്ങൾ ചുവടെ പറയുന്നവയാണ്.<br><br>കോതവറ പാലം<br><br>കടവുപുഴ പാലം<br><br>കല്ലേലി പാലം<br><br>കൊടികുളം പാലം |
| (സി) | പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ എരുത്തുപുഴ പാലം, വാഴുങ്കൽ പാലം, തോട്ടയ്ക്കാട് ചേലമറ്റംപടി പാലം എന്നിവയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ? | (സി) | എരുത്തുപുഴ പാലം നിർമ്മാണത്തിനായി GAD ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. സ്ഥല ലഭ്യത പരിശോധിക്കുന്നതിനായി Taluk Surveyor നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വാഴുങ്കൽ പാലം നിർമ്മാണത്തിനായി TGD, Feasibility report എന്നിവ തയ്യാറാക്കിയിട്ടുണ്ട്. Estimate തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. തോട്ടക്കാട് ചേലാമറ്റംപടി പാലം നിർമ്മാണത്തിനായി investigation പ്രവൃത്തികൾ പൂർത്തിയാക്കി. TGD തയ്യാറാക്കുന്നതിനുള്ള നടപടികൾ ഡിസൈൻ വിഭാഗത്തിൽ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ